LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണത്തിനായി 4 ലക്ഷം രൂപയുമടക്കം പരമാവധി 10 ലക്ഷം രൂപ അനുവദിക്കാമെന്നിരുന്നാലും സ്ഥലം വാങ്ങലിനും രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവയ്ക്ക് 6 ലക്ഷം രൂപയിൽ കൂടുവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. നിലവിലെ പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം അനുവദിക്കുന്ന യൂണിറ്റ് കോസ്റ്റ് 10 ലക്ഷം രൂപയാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം വീട് ലഭിച്ചവർ ഉപേക്ഷിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം അവരിൽത്തന്നെ നിക്ഷിപ്തമാക്കുമോ; വ്യക്തമാക്കാമോ?

പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം ഗുണഭോക്താക്കൾ നിലവിലെ കെട്ടിടം പൊളിച്ചുമാറ്റേണ്ടതും വസ്തു റിലിങ്ക്വിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ അഞ്ച് സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ അനുവദിക്കുന്നതല്ല. ഗുണഭോക്താക്കൾ റിലിങ്ക്വിഷ് ചെയ്ത ഭൂമിയിൽ അനുയോജ്യമായ മരങ്ങൾ വച്ച് പിടിപ്പിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ജൈവ കവചമാക്കി നിലനിർത്തുന്നതാണ്.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

257(5704) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി വിവിധ പദ്ധതികളിലൂടെ സർക്കാർ ധനസഹായം നൽകി വരുന്നു.

- സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ചമാസങ്ങളിൽ 4500 രൂപയുടെ ധനസഹായം.

LIBRARY ARCHIVES Kerala Legislative Assembly

- കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം.
- കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പെൻഷണർമാർ വിധവാ പെൻഷണർമാർ എന്നിവർക്ക് പ്രതിമാസം 1,600 രൂപ പെൻഷൻ.
- മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 50,000 രൂപയുടെ ധനസഹായം.
- മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10,000 രൂപയുടെ ധനസഹായം
- ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ.
- മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് 600 രൂപയുടെ ധനസഹായം.
- എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത വികസന പദ്ധതി മുഖേന മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനം വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പാ സഹായം.
- നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 ഹോഴ്സ് പവർ് താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് പരമാവധി 30,000 രൂപയുടെ സബ്സിഡി.
- മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ച് മത്സ്യബന്ധന സമയത്ത് ഹൃദ്രോഗമോ മസ്തിഷ്കാഘാതമോമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം.
- വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പത്താം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ ഉന്നതവിജയം നേടുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യപ്രജനന സമയത്ത് ഉൾനാടൻ ജലാശയങ്ങളിലെ മണലൂറ്റ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മത്സ്യപ്രജനനത്തിനായി ആശ്രയിക്കുന്ന ഉൾനാടൻ ജലാശയങ്ങളിൽ മണലൂറ്റുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.

ഫിഷറീസ് കോളനിയിലെ നിർമ്മാണ പദ്ധതികൾ

258(5705) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭയിലെ ഫിഷറീസ് കോളനിയിൽ അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത കോളനിയിലെ കാലപ്പഴക്കം വന്ന് കേടുപാടുകൾ സംഭവിച്ച വീടുകളുടെ പുനരുദ്ധാരണത്തിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ധനസഹായം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 2011-12 വർഷം മോഡൽ ഫിഷിംഗ് വില്ലേജിനായി അനുവദിച്ച തുകയിൽനിന്നും ഫിഷർമെൻ കോളനിയിലെ കാലപ്പഴക്കം സംഭവിച്ച 7 വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനം

259(5706) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;